**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1800** **12-09-2023 - ൽ മറുപടിയ്ക്ക്**

**നാലുവർഷ ബിരുദ പ്രോഗ്രാമുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിൽ എന്ന് മുതലാണ് നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കേരള സർവകലാശാല പഠനവിഭാഗത്തിൽ 2023-24 അധ്യയന വർഷം തന്നെ നാലു വർഷ ബിരുദ പ്രോഗ്രാം ആരംഭിക്കുന്നതാണ്. മറ്റ സർവകലാശാലകളിലും അഫിലിയേറ്റഡ് കോളേജുകളിലും ബിരുദപ്രോഗ്രാമുകളുൾപ്പെടെയുള്ള കരിക്കുലം പരിഷ്കരണത്തിനുള്ള നടപടികൾ ഈ വർഷം തന്നെ ആരംഭിക്കുവാനും 2024-25 അധ്യയന വർഷത്തോടുകൂടി പൂർണതോതിൽ നടപ്പിലാക്കാനുമാണ് തീരുമാനിച്ചിരിക്കുന്നത്. |
| (ബി) | നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതോട് കൂടി നിലവിലുള്ള മൂന്നുവർഷ കോഴ്സുകൾ മുഴുവനും നാലുവർഷം ദൈർഘ്യമുള്ളതായി മാറ്റപ്പെടുമോയെന്ന് വിശദമാക്കാമോ; | (ബി) | നിലവിലുള്ള സി.ബി.സി.എസ്.എസ് കോഴ്സുകൾ നാലുവർഷ കോഴ്സുകളായി പരിവർത്തിക്കപ്പെടുന്നില്ല. നാലുവർഷ കോഴ്സുകൾ പുതുതായി രൂപകല്പന ചെയ്തിട്ടുള്ള കരിക്കുലം ചട്ടക്കൂടിനെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണ്. |
| (സി) | നാലുവർഷ ബിരുദ പ്രോഗ്രാമുകൾ പ്രചാരത്തിലാകുന്നതോട് കൂടി നിലവിലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ എപ്രകാരം തുടർന്നുകൊണ്ടുപോകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെയും കരിക്കുലവും സിലബസ്സും നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ തുടർച്ചയായി പരിഷ്കരിക്കാൻ നടപടികൾ സ്വീകരിക്കും. നാലുവർഷ ബിരുദക്കാർക്ക് പി.ജി. രണ്ടാം വർഷത്തിലേയ്ക്ക് നേരിട്ടുള്ള പ്രവേശനം (ലാറ്ററൽ എൻട്രി) അനുവദിക്കാവുന്നതാണ്. |
| (ഡി) | നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതോട് കൂടി ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുമായി ബന്ധപ്പെട്ട് ഉയർന്നുവരാൻ സാധ്യതയുള്ള പ്രശ്നങ്ങൾ എപ്രകാരമാണ് പരിഹരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | (സി)-യിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ